(ബി) ഈ വിഷയം പരിശോധിച്ചുവരുന്നു.

(സി) പരിശോധിക്കുന്നതാണ്.

16 (*311) കൈക്കൂലിക്കെതിരായ ബോർഡുകൾ

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. വി. ബാലറാം :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈക്കൂലി നൽകുന്നതു കുറ്റകരമാണെന്നുള്ള ബോർഡുകൾ സർക്കാർ ഓഫീസുകളിൽ സ്ഥാപിക്കുന്ന നടപടി പൂർത്തിയായിട്ടുണ്ടോ;

(ബി) ഇത് എന്നു മുതലാണ് നടപ്പാക്കിത്തുടങ്ങിയത്;

(സി) ഏതെല്ലാം ഓഫീസുകളിലാണ് ഈ ബോർഡുകൾ സ്ഥാപിക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്;

(ഡി) ഈ ബോർഡ് സ്ഥാപിച്ചതിനുശേഷം കൈക്കൂലി വാങ്ങിയത് സംബന്ധിച്ച് ഏതെങ്കിലും കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഈ ബോർഡ് സ്ഥാപിക്കുന്നതുകൊണ്ടു മാത്രം കൈക്കൂലി നിർമ്മാർജ്ജനം ചെയ്യാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ):

(എ) 1127 ഓഫീസുകളിൽ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. മറ്റ് ഓഫീസുകളിൽ ബോർഡുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

(ബി) 6.10.1999-ലെ സർക്കാർ ഉത്തരവ് ജി.ഒ(പി)89/99 വിജി. അനുസരിച്ചാണ് നടപ്പാക്കിത്തുടങ്ങിയത്.

(സി) എല്ലാ സർക്കാർ ഓഫീസുകളിലും, സർക്കാർ സ്ഥാപനങ്ങളിലും, പൊതുമേഖലാ സ്ഥാപനങ്ങളിലും ഈ ബോർഡുകൾ സ്ഥാപിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്. ഈ ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശത്തിനുശേഷം (6.10.99) ഇതുവരെയായി കൈക്കൂലി ചോദിച്ചുവാങ്ങിയത് സംബന്ധിച്ച് 13 ട്രാപ്പ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസ്സുകളുടെ ലിസ്റ്റ് അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

(ഇ) അഴിമതിരഹിതവും കാര്യക്ഷമവുമായ സിവിൽ സർവ്വീസ് എന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ തീരുമാനത്തിന്റെ ഭാഗമായിട്ടാണ് ഇത്തരം നടപടികൾ സ്വീകരിച്ചുവരുന്നത്. അഴിമതിക്കെതിരായ നടപടികൾ ഫലപ്രദമാകണമെങ്കിൽ ജനങ്ങളെ ബോധവൽക്കരിക്കുക എന്നത് അതിപ്രധാനമായ ആവശ്യമാണ്. കൈക്കൂലി ആവശ്യപ്പെടുകയോ സ്വീകരിക്കുകയോ ചെയ്യുന്നുവെങ്കിൽ വിജിലൻസ് ഉദ്യോഗസ്ഥന്മാരെ അറിയി

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ക്കണമെന്നാണ് ബോർഡിൽ എഴുതി പ്രദർശിപ്പിച്ചിട്ടുള്ളത്. അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിനുവേണ്ടി വിവിധ നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. അതിൽ ഒന്നാണ് ഓഫീസുകളിൽ ഇത്തരം ബോർഡുകൾ സ്ഥാപിക്കുന്നത്.

17 (*312) മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ പെർമിറ്റ് നൽകുന്നതിന് നടപടി

ശ്രീ. കെ. സുധാകരൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി.ജെ. ഫ്രാൻസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര- നിയമവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔട്ട് ബോർഡ് എൻജിൻ ഘടിപ്പിച്ച് മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് എല്ലാവർക്കും മണ്ണെണ്ണ പെർമിറ്റ് നൽകിയിട്ടുണ്ടോ;

(ബി) ഇപ്പോൾ ഇത്തരം പെർമിറ്റ് ഉടമകൾക്ക് നൽകുന്ന മണ്ണെണ്ണയുടെ അളവ് എത്രയാണ്;

(സി) മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിക്കണമെന്നും ഔട്ട് ബോർഡ് എൻജിൻ ഘടിപ്പിച്ച വള്ളമുള്ള എല്ലാ തൊഴിലാളികൾക്കും മണ്ണെണ്ണ പെർമിറ്റ് നൽകണമെന്നും ആവശ്യമുയർന്നിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച് ഗവൺമെന്റ് എന്തു നടപടിയെടുത്തു എന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ):

(എ) 8.1.97-ന് സംയുക്ത പരിശോധന നടത്തിയ സമയത്ത് അപേക്ഷ നൽകിയിരുന്ന എല്ലാ അർഹരായ അപേക്ഷകർക്കും പെർമിറ്റ് നിലവിലുണ്ടായിരുന്നവർക്കും മണ്ണെണ്ണ പെർമിറ്റുകൾ നൽകിയിട്ടുണ്ട്.

(ബി) മത്സ്യബന്ധന മണ്ണെണ്ണ പെർമിറ്റ് ഉടമകൾക്ക് എൻജിന്റെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന അളവിൽ പ്രതിമാസം മണ്ണെണ്ണ അനുവദിക്കുന്നുണ്ട്.

10 കുതിരശക്തി വരെയുള്ള എൻജിനുകൾക്ക് - 350 ലിറ്റർ

11 മുതൽ 15 വരെ കുതിരശക്തിയുള്ള എൻജിനുകൾക്ക് - 375 ലിറ്റർ

16 മുതൽ 40 വരെ കുതിരശക്തിയുള്ള എൻജിനുകൾക്ക് - 500 ലിറ്റർ

(സി&ഡി) ഉണ്ട്. മത്സ്യബന്ധന ആവശ്യങ്ങൾക്കായി നിലവിലുള്ള പെർമിറ്റുകൾ പരിശോധിക്കുന്നതിനും പുതിയ എഞ്ചിനുകൾ പരിശോധിക്കുന്നതിനുമായി ജനുവരി 9-ാം തീയതി സംയുക്ത പരിശോധന നടത്തുവാൻ തീരുമാനിക്കുകയും അതിനുവേണ്ട എല്ലാ നടപടികളും പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly